ശനി
07
ഡിസംബർ 2024
Volume: 02 Issue: 82

pro@uoc.ac.in

# സിയു വാർത്ത

Weekly E Paper of University of Calicut

P R WING

/ universityofcalicutofficial

കാലിക്കറ്റ് സർവകലാശാലാ പബ്ലിക് റിലേഷൻസ് വിഭാഗം പ്രസിദ്ധീകരണം

## കാലിക്കറ്റ് ടോപ്പേഴ്സ് അവാർഡുകൾ സമ്മാനിച്ചു



**കാലിക്കറ്റ് സർവകലാശാലയുടെ ടോപ്പേഴ്സ് അവാർഡ് 2024 ഏറ്റുവാങ്ങിയവർ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ, പരീക്ഷാ കൺട്രോളർ ഡോ. ഡി. പി. ഗോഡ്‌വിൻ സാംരാജ്, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർക്കൊപ്പം**

ഒന്നാം റാങ്ക് നേടുന്നതിനപ്പുറം സമൂഹത്തിന് വേണ്ടി പ്രവൃത്തിക്കാൻ കഴിയുന്നവരാകണം വിദ്യാർഥികളെന്ന് കാലിക്കറ്റ് സർവകലാശാലാ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ പറഞ്ഞു. സർവകലാശാലയുടെ വിവിധ കോഴ്സുകളിൽ ഉന്നത വിജയം നേടിയവർക്കുള്ള ടോപ്പേഴ്സ് അവാർഡ് വിതരണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഒരുമിച്ച് ജോലികൾ ചെയ്യാനും നേതൃത്വം ഏറ്റെടുക്കാനും സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും വിദ്യാർഥികൾക്ക് കഴിയണമെന്ന് വൈസ് ചാൻസലർ പറഞ്ഞു. യു.ജി., പി.ജി., പ്രൊഫഷണൽ കോഴ്സുകളിൽ ഉൾപ്പടെ ആകെ 187 പേരാണ് അവാർഡിന് അർഹരായത്. ഇതിൽ 176 പേർ ശനിയാഴ്ച വൈസ് ചാൻസലറിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി. ചടങ്ങിൽ സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതി കൺവീനർ ഡോ. ടി. വസുമതി അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. എൽ.ജി. ലിജീഷ്, ഡോ. പി.പി. പ്രദ്യുമ്നൻ, പരീക്ഷാ കൺട്രോളർ ഡോ. ഡി.പി. ഗോഡ്വിൻ സാംരാജ്, അസി. രജിസ്ട്രാർ ആർ.കെ. ജയകുമാർ തുടങ്ങിയവർ സംസാരിച്ചു.

## ഭിന്നശേഷിക്കാരെ നേതൃനിരയിലേക്ക് ഉയർത്തണം - വി.സി.



**കാലിക്കറ്റ് സർവകലാശാലാ എജ്യുക്കേഷൻ പഠനവകുപ്പും കോഴിക്കോട് സി.ആർ.സിയും ചേർന്ന് നടത്തിയ ദേശീയ സെമിനാർ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു**

ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുക എന്നതിൽ നിന്ന് അവരെ നേതൃനിരയിലേക്ക് എത്തിക്കുക എന്നതിലേക്ക് നമ്മുടെ സമൂഹം മാറണമെന്ന് കാലിക്കറ്റ് സർവകാശാലാ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ അഭിപ്രായപ്പെട്ടു. കാലിക്കറ്റ് സർവകലാശാലാ എജ്യുക്കേഷൻ പഠനവകുപ്പും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായുള്ള കോഴിക്കോട്ടെ കോമ്പോസിറ്റ് റീജണൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റും ചേർന്ന് സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നശേഷി വിഭാഗക്കാരുടെ പ്രത്യേകമായ കഴിവുകളെ നാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതോടൊപ്പം അവർക്ക് സമൂഹത്തെ നയിക്കാനുള്ള അവസരങ്ങൾ കൂടി നാം ഒരുക്കേണ്ടതുണ്ടെന്ന് വൈസ് ചാൻസലർ പറഞ്ഞു. ചടങ്ങിൽ സി.ആർ.സി. ഡയറക്ടർ ഡോ. കെ.എൻ. റോഷൻ ബിജലി അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം ഡോ. ടി. വസുമതി മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഡോ. പി.ടി. ബാബുരാജ് മുഖ്യാതിഥിയായിരുന്നു. ഡോ. ടി.വി. സുനിഷ്, എജ്യുക്കേഷൻ പഠനവകുപ്പ് മേധാവി ഡോ. സി.എം. ബിന്ദു, ഡോ. ജി. മനോജ് പ്രവീൺ തുടങ്ങിയവർ സംസാരിച്ചു.





**1. ബാല വിവാഹ മുക്ത ഭാരത് പ്രചാരണത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ ജീവനക്കാർക്ക് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു. 2. അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ ഭരണകാര്യാലയത്തിൽ രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ് ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്നു.**



**തൃശ്ശൂർ അരണാട്ടുകരയിലുള്ള കാലിക്കറ്റ് സർവകലാശാലാ ഡോ. ജോൺ മത്തായി സെന്ററിലെ വനിതാ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ പ്രവൃത്തി ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കുന്നു**

### ഡോ. തമ്പാൻ മേലോത്തിന്റെ പ്രഭാഷണം 12-ന്

കേരള ശാസ്ത്ര കോൺഗ്രസിന്റെ ആമുഖമായി കാലിക്കറ്റ് സർവകലാശാലയിൽ 12-ന് പി.ആർ. പിഷാരടി സ്മാരക പ്രഭാഷണം. ഗോവയിലെ നാഷ്ണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് ഡയറക്ടർ ഡോ. തമ്പാൻ മേലോത്താണ് പ്രഭാഷണം നിർവഹിക്കുന്നത്.
രാവിലെ 11 മണിക്ക് ഇ.എം.എസ്. സെമിനാർ കോംപ്ലക്സിലാണ് പരിപാടി. ഇന്ത്യയുടെ ആദ്യ ധ്രുവ പര്യവേക്ഷണത്തിൽ പങ്കാളിയായ ഡോ. തമ്പാൻ ധ്രുവ പ്രദേശങ്ങളിലെ കാലവസ്ഥാമാറ്റം മഞ്ഞുപാളികളിലുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് ഗവേഷണ ശ്രദ്ധ പതിപ്പിച്ച ശാസ്ത്രജ്ഞനാണ്. ഫെബ്രുവരി ഏഴ് മുതൽ 10 വരെ തൃശ്ശൂർ കാർഷിക സർവകലാശാലയിലാണ് ശാസ്ത്ര കോൺഗ്രസ് നടക്കുന്നത്.



**ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേലേമ്പ്ര എൻ.എൻ.എം. എച്ച്.എസ്.എസിൽ നടത്തിയ തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയുടെ ' മിനി ദിശ ' പ്രദർശനത്തിൽ കാലിക്കറ്റ് സർവകലാശാലയുടെ സ്റ്റാൾ സന്ദർശിക്കുന്ന വിദ്യാർഥികൾ**

Published by the Public Relations Wing, University of Calicut, on behalf of Registrar University of Calicut | Content Editor: Shri. Shijith CK | DTP: Shri. Abay Dev | Design: Shri. Rizvan Ameer EK | Private Circulation Only